LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള 15 വൻകിട ജലവൈദ്യുത പദ്ധതികളും 21 ചെറുകിട ജലവൈദ്യുത പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ വർഷം കാലവർഷം മോശമായേക്കുമെന്നുള്ള സൂചന കെ.എസ്.ഇ.ബി.-യുടെ ആസൂത്രണത്തിൽ കണക്കിലെടുത്തിരുന്നു. ജൂൺ മാസം മുതൽ തന്നെ പരമാവധി ജലം സംഭരിക്കാനുള്ള നടപടികളെടുത്തിരുന്നു. 2016 ജൂൺ മുതൽ ഒക്ടോബർ 17-ാം തീയതി വരെയുള്ള നീരൊഴുക്കിൽ പ്രതീക്ഷിച്ചതിൽനിന്നും 22.92 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള വെള്ളത്തിന്റെ കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന് പുറമെ നിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. വേനൽക്കാലത്ത് 200 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന 397 മെഗാവാട്ട് മീഡിയം ടേം അടിസ്ഥാനത്തിലുള്ള കരാർ ഫെബ്രുവരി 2017-ൽ തീരുന്ന മുറയ്ക്ക് സംജാതമാകുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ മാർച്ച് 2016-ൽ തന്നെ 200 മെഗാവാട്ട് വൈദ്യുതി 1-3-2017 മുതൽ 30-6-2017 വരെ വാങ്ങാനുള്ള ഹ്രസ്വകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. ഇപ്രാവശ്യം കാലവർഷം പ്രതീക്ഷിച്ചതു പോലെ ലഭിക്കാത്തതുമൂലം 2017-ലെ വേനൽക്കാലത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന്, 1-3-2017 മുതൽ 31-5-2017 വരെ 100 മെഗാവാട്ട് ദിവസം മുഴുവനും 100 മെഗാവാട്ട് പീക്ക് സമയങ്ങളിലും എന്ന തോതിൽ വൈദ്യുതി വാങ്ങാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## വൈദ്യുതി മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ

99 (5560) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലാകെ വൈദ്യുതി മേഖലയിൽ നിലവിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത പ്രശ്നങ്ങൾ അപഗ്രഥിച്ചിട്ടുണ്ടോ; കണ്ടെത്തിയ പ്രശ്നങ്ങളിൽ വികസനമുണ്ടാവേണ്ട മേഖലകൾ/ഘടകങ്ങൾ എന്തെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രശ്നങ്ങൾക്ക് എന്തെല്ലാമാണ് പരിഹാര നടപടികൾ; ഇവ പരിഹരിക്കാൻ ഘട്ടം ഘട്ടമായി എന്തെല്ലാം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട് കളക്ടറേറ്റിൽ ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ പ്രത്യേകമായി വിളിച്ചു ചേർത്ത യോഗത്തിൽ എം.എൽ.എ. സമർപ്പിച്ച വിവിധ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന നിവേദനത്തിൽ എന്തെങ്കിലും ചർച്ചകളോ പരിശോധനയോ നടന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നിലവിൽ കൊയിലാണ്ടി നഗരസഭാ പരിധിയിലെ വൈദ്യുതി ആവശ്യങ്ങൾക്കായി 110 കെ.വി. സബ്സ്റ്റേഷൻ കണ്ണൂരിൽനിന്നും ആരംഭിക്കുന്ന 11 കെ.വി. കൊയിലാണ്ടി ഫീഡറാണ് ഉപയോഗിക്കുന്നത്. പ്രസ്തുത ഫീഡർ ചെങ്ങോട്ടുകാവ്, ചിങ്ങപുരം, നന്തി ഫീഡറുകളുടെ പോസ്റ്റിന് സമാന്തരമായി 4.2 കി.മീ. ദൈർഘ്യത്തിൽ നിർമ്മിക്കപ്പെട്ടതാണ്. ഇതുകാരണം മറ്റ് ഫീഡറുകളിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സം കൊയിലാണ്ടി ടൗണിനേയും ബാധിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും കൊയിലാണ്ടി ടൗണിലേക്ക് മാത്രമായി അണ്ടർഗ്രൗണ്ട് കേബിൾ നിർമ്മാണത്തിനുള്ള പ്രവൃത്തി 2016-17 പ്ലാനിൽപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നന്തി ഫീഡറിന്റെയും കൊയിലാണ്ടി ഫീഡറിന്റെയും ഇന്റർലിങ്കിംഗ് പ്രവൃത്തി പൂർത്തിയാക്കുന്നതിന് റെയിൽവേയുടെ അനുമതി ആവശ്യമാണ്. മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. റെയിൽവേയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രസരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനായി നിലവിലുള്ള 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ, ഡബിൾ സർക്യൂട്ട് ലൈനാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ റെയിൽവേ ലൈനിന് മറുവശത്ത് ഒരു പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിനുള്ള റിപ്പോർട്ട് തയ്യാറാക്കിവരുന്നു. സാദ്ധ്യതാപഠനപ്രകാരം ആവശ്യമെന്ന് കണ്ടാൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഉണ്ട്. കൊയിലാണ്ടി മുനിസിപ്പൽ ഏരിയയിലെ വൈദ്യുതി തടസ്സം, മുനിസിപ്പൽ ഏരിയ കേന്ദ്രമാക്കി സബ്സ്റ്റേഷൻ നിർമ്മാണം, കൊയിലാണ്ടി കേന്ദ്രീകരിച്ച് ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരണം (ഓഫീസ് കെട്ടിടം ഉൾപ്പെടെ), കൊയിലാണ്ടി സൗത്ത് ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം എന്നീ ആവശ്യങ്ങളായിരുന്നു നിവേദനത്തിൽ ഉന്നയിച്ചിരുന്നത്. ഇതിൽ കൊയിലാണ്ടി കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടന്നുവരുന്നു. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ കൊയിലാണ്ടി സൗത്ത് സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ബോർഡിന്റെ പരിഗണനയിലില്ല. പ്രസരണ മേഖലയുമായി ബന്ധപ്പെട്ട് ഉയർന്ന പ്രധാന ആവശ്യം കൊയിലാണ്ടി മിനി സിവിൽസ്റ്റേഷനടുത്ത് ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുക എന്നതായിരുന്നു. പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടിട്ടുണ്ട്.

## ഗാർഹിക-വ്യാവസായിക കണക്ഷൻ

100 (5561) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ഗാർഹിക-വ്യാവസായിക കണക്ഷൻ ലഭ്യമാകുന്നതിന് വൈദ്യുതി വകുപ്പ് ഏതെല്ലാം തരത്തിലുള്ള സൗജന്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

### <u>ഉത്തരം</u>

ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ 1000 വാട്ട്സ് കണക്ടഡ് ലോഡ് വരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി നൽകിവരുന്നു. ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)-യിൽ ഉൾപ്പെടുത്തി സൗജന്യ ഗാർഹിക കണക്ഷനുകൾ ബോർഡ് നൽകിവരുന്നുണ്ട്. ഇതിൽ പട്ടികജാതി വിഭാഗത്തിലുള്ള ബി.പി.എൽ. ഗുണഭോക്താക്കളും ഉൾപ്പെടും. വ്യാവസായിക കണക്ഷൻ ലഭ്യമാക്കുന്നതിന് ഒരു വിഭാഗക്കാർക്കും സൗജന്യങ്ങളൊന്നും ബോർഡ് ഇപ്പോൾ നൽകുന്നില്ല. മാർച്ച് 2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ

LIBRARY ARCHIVES Kerala Legislative Assembly